**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4854** **20-03-2025 - ൽ മറുപടിയ്ക്ക്**

**റോഡ് പുറമ്പോക്കുകൾ കയ്യേറുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യാപകമായി റോഡ് പുറമ്പോക്കുകൾ കയ്യേറുന്നത് ഗൗരവത്തോടെ ണന്നുണ്ടോ;വ്യക്തമാക്കാമോ; എങ്കിൽ ഇത്തരം കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (എ) | റോഡ് പുറമ്പോക്കുകളിലെ കയ്യേറ്റം ഒഴിവാക്കുന്നതിന് വേണ്ടി ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. 1999 -ലെ ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് പ്രകാരം പൊതുമരാമത്ത് നിരത്തു വിഭാഗത്തിനു കീഴിലുള്ള റോഡുകളിലെ ഇത്തരത്തിലുള്ള കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള ചുമതല അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കാണ്. ബഹു കേരളാ ഹൈക്കോടതിവിധിയുടെയും, കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റിന്റെയും അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ഉള്ള നിയമാനുസൃതമല്ലാത്തതും ഗതാഗതത്തിന് തടസ്സമുണ്ടാക്കുന്നതുമായ കൈയ്യേറ്റങ്ങൾ നീക്കം ചെയ്യുന്നതിനും കൈയ്യേറിയ നടപ്പാതകൾ ഒഴിപ്പിക്കുന്നതിനും പൊതുമരാമത്ത് റോഡുകളിലെ കൈയ്യേറ്റങ്ങൾ ബോദ്ധ്യപ്പെട്ടാൽ കൈയ്യേറിയ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് പ്രകാരം നോട്ടീസ് നൽകുകയും സ്വമേധയാൽ ഒഴിഞ്ഞു പോകാത്ത കൈയ്യേറ്റക്കാർക്ക് പൊതുമരാമത്ത് വകുപ്പ് നേരിട്ട് പോലീസ്, റവന്യൂ വകുപ്പുകളുടെ പങ്കാളിത്തത്തോടെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. സ്വമേധയാ ഒഴിഞ്ഞു പോകാത്ത കൈയ്യേറ്റക്കാർക്കെതിരെ പിഴ ചുമത്താനും, ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് വ്യവസ്ഥ ചെയ്തിട്ടുള്ളതും ആയത് പ്രകാരം നടപ്പിലാക്കി വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ